Devipriya. P.S

Std-9A

NSSEMHS,Dhanuvachapuram

"പരിസ്ഥിതി, ശുചിത്വം, രോഗപ്രതിരോധം"

മനുഷ്യരും പക്ഷികളും മൃഗങ്ങളും മറ്റു സസ്യങ്ങളും ചേർന്നതാണ് പ്രകൃതി. പക്ഷേ നാം പലപ്പോഴും പലരീതിയിലും പ്രകൃതിയെ ചൂഷണം ചെയ്യുന്നു.പരിസ്ഥിതിയെ നാം സംരക്ഷിക്കണം. മനുഷ്യർക്കു മാത്രമല്ല പക്ഷികൾക്കും മൃഗങ്ങൾക്കും സസ്യങ്ങൾക്കും പ്രകൃതിയിൽ തുല്യവകാശമാണ്. മൃഗങ്ങളും മറ്റു ജീവജാലങ്ങളും പ്രകൃതിയെ ചൂഷണം ചെയ്യുന്നില്ല.അവർ പരിസ്ഥിതി മലിനീകരണം ഉണ്ടാക്കുന്നില്ല. മനുഷ്യന്റെ അഹങ്കാരം മൂലം അവർ പ്രകൃതിയെ ഉപദ്രവിക്കാറുണ്ട്. എന്നാൽ ക്ഷമ നശിക്കുമ്പോൾ പ്രകൃതി അതിന്റെ ഉഗ്രരൂപം കാണിക്കുന്നു.

പ്രകൃതിയിൽ നിന്ന് പരിസ്ഥിതിയിലേക്കു മടങ്ങാം. പരിസ്ഥിതിയെ ആരാണ് മലിനമാക്കുന്നത്? കേവലം മനുഷ്യൽ മാത്രമാണ്. വായു, മണ്ണ്, ജലം എന്നീ മലിനീകരണം പരിസ്ഥിതിയിൽ മനുഷ്യൻ മൂലം ഉണ്ടാകാറുണ്ട്.ഇതിനു പുറമേ വനനശീകരണം, കായൽ,വയൽ, കുളം, എന്നിവ നികത്തുകയും അവിടെ വലിയ കെട്ടിടങ്ങൾ കെട്ടിപ്പൊക്കുകയും ചെയ്യുന്നു. മനുഷ്യരുടെ ഈ ദുഷ്പ്രവൃത്തികൾ കാരണം പരിസ്ഥിതിയുടെ സന്തുലനവസ്ഥ നശിക്കുന്നു. ആഗോളതാപനം, ഓസോൺ പാളികളിലെ വിള്ളൽ, കാലാവസ്ഥ വ്യതിയാനം എന്നിവ മനുഷ്യരുടെ ദുഷ്പ്രവൃത്തിയുടെ അനന്തരഫലമാണ്.ഈ പട്ടികയിൽ പുതിയതായി രൂപം കൊണ്ടതാണ് ഈ മാരക രോഗങ്ങൾ. വസൂരി, പ്ലേഗ്, കോളറ തുടങ്ങിയവ ബാക്റ്റീരിയയിൽ നിന്ന് ഉണ്ടാകുന്നതാണങ്കിലും മനുഷ്യരുടെ ശുചിത്വ കുറവാണ് ഇതിനൊക്കെ പ്രധാന കാരണം.ഇതിന് പുതിയൊരു ഉദാഹരണമാണ് ഇപ്പോൾ ലോകത്തെ ഒന്നോടെ പിടിച്ചടക്കുന്ന മാരകരോഗമായ "കോവിഡ് -19". ഈ രോഗം ലോകത്തെമ്പാടും വ്യാപിക്കുകയാണ്. വാക്സിനും മരുന്നും കണ്ടുപിടിക്കാത്തതിനാൽ രോഗം വരാതെ പ്രതിരോധിക്കുക എന്നതാണ് ഒരേയൊരു പോംവഴി.അതിനാൽ വ്യക്തിശുചിത്വം നമ്മുടെ ദിനചര്യയിൽ ഒരിവാക്കാനാക്കത്ത ഒരു ശീലമാക്കണം.

മനുഷ്യൻ പ്രതിരോധ ശക്തി വർദ്ധിപ്പിക്കുകയും വ്യക്തി ശുചിത്വം പാലിക്കുകയും ചെയ്താൽ നമുക്ക് പലതരം രോഗങ്ങളെയും നേരിടാൻ സാധിക്കും.ഇത്തരം രോഗവ്യാപനം മനുഷ്യന് ഒരു തിരിച്ചടിയാവട്ടെ.......

. " പരിസ്ഥിതി ശുചിത്വവും വ്യക്തി ശുചിത്വവും പാലിക്കുക,

പ്രതിരോധശക്തി വർദ്ധിപ്പിക്കുക."